ഉത്തരം

(എ) ഇല്ല. കേന്ദ്ര ഗവൺമെൻറിൽനിന്നും അംഗീകാരം കിട്ടിയ എസ്റ്റിമേറിൻെറ പകർപ്പ് കിട്ടാതിരുന്നതുകൊണ്ടും നെഗോസിയേഷൻ ലാറ്റിനുള്ള മറുപടി ടെണ്ടർ സമർപ്പിച്ചയാളിൽനിന്നും കിട്ടാത്തതുകൊണ്ടുമാണ് ടെണ്ടറിന് അനുമതി നൽകാതിരുന്നത്.

(ബി) കേന്ദ്ര ഗവൺമെൻറിന് ടെണ്ടറുകൾ സമർപ്പിച്ച് അനുമതി ലഭിച്ചതിനുശേഷമേ കരാർ ഉറപ്പിച്ചുകൊടുക്കുവാൻ സാധിക്കൂ.

(സി) കരാർ ഉറപ്പിച്ചുകൊടുത്ത ശേഷമേ പണി തുടങ്ങാൻ കഴിയൂ.

കരിന്തിരിവി കോസ്വേയുടെ പുനരുദ്ധാരണ പണി

369 [698] ശ്രീ. കെ.കെ. തോമസ്: താഴെകാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിൽ കരിന്തിരിവി കോസ്വേയുടെ പുനരുദ്ധാരണ പണികൾക്ക് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

ശ്രീകണ്ഠപുരം—ചെമ്പന്തോട്ടി—നടുവിൽ റോഡിൻെറ പണി

370 [699] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ശ്രീകണ്ഠപുരം—ചെമ്പന്തോട്ടി—നടുവിൽ റോഡിൻെറ ഒന്നാമത്തെ റീച്ചിൻെറ പണി പൂർത്തിയായോ;

(ബി) ഇതിന് എത്ര ലക്ഷം രൂപ ചെലവായി;

(സി) ഇതിൻെറ രണ്ടാമത്തെ റീച്ചിൻെറ പണി ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നാം റീച്ചിൻെറ പണി പൂർത്തിയായിട്ടുണ്ട്.

(ബി) 31.8.1985 വരെ 1482 രൂപ ചെലവായിട്ടുണ്ട്.

(സി) സാമ്പത്തിക പരിമിതികൾ കാരണം രണ്ടാമത്തെ റീച്ചിൻെറ പണി ഉടനെ ആരംഭിക്കാൻ പ്രയാസമുണ്ട്.

അത്തോളി—നൻമണ്ട റോഡിൻെറ പണി

371 [700] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട അത്തോളി—നൻമണ്ട റോഡിൻെറ പണിക്ക് കരാർ കൊടുത്തു കഴിഞ്ഞുവോ;

LIBRARY ARCHIVES Kerala Legislative Assembly